**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5252** **21-03-2025 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് കോളേജുകളിൽ സായാഹ്ന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം പോളിടെക്നിക് കോളേജുകളിലാണ് സായാഹ്ന കോഴ്സുകൾ നിലവിലുള്ളത്; സ്ഥാപനം, ട്രേഡ് തിരിച്ച് വിശദമാക്കുമോ; | (എ) | 2023-24 അക്കാഡമിക വർഷത്തിൽ AICTE വർക്കിംഗ് പ്രൊഫൽഷണലുകൾക്ക് ലാറ്ററൽ എൻട്രി മുഖാന്തിരം ഡിപ്ലോമ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനു അനുമതി നൽകിയതിനാൽ, പ്രസ്തുത കോഴ്സ് സായാഹ്ന ബാച്ചുകളായി ആരംഭിച്ച സ്ഥാപനങ്ങളും വിശദാംശവും അനുബന്ധമായി ചേർക്കുന്നു. പാലക്കാട്, കോഴിക്കോട് സർക്കാർ പോളിടെക്നിക്ക് കോളേജുകളിലും സായാഹ്ന ഡിപ്ലോമ ബാച്ചുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നെങ്കിലും വിദ്യാർത്ഥികളുടെ അഭാവത്തിൽ പ്രവേശനം നടന്നിട്ടില്ല. മലപ്പുറത്ത് Mad'in പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ 60 വിദ്യാർത്ഥികൾക്ക് സായാഹ്ന ഡിപ്ലോമ കോഴ്സ് നടന്നു വരുന്നു. |
| (ബി) | കൂടുതൽ സ്ഥാപനങ്ങളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കൊട്ടിയം എസ്.എൻ പോളിടെക്നിക്ക്, കളമശ്ശേരി പോളിടെക്നിക്ക് കോളേജുകളിലും മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എന്നീ ബ്രാഞ്ചുകളിൽ സായാഹ്ന കോഴ്സുകൾ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. ആറ്റിങ്ങൽ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ കോഴ്സ് നിർത്തലാക്കുന്നതിന് പകരമായി സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No. | Name of Institution | Institution Type | Branch | Intake |
|---|---|---|---|---|
| 1 | Central Polytechnic College, Thiruvananthapuram | Government | Civil Engineering | 30 |
| | | | Mechanical Engineering | 30 |
| | | | Electrical & Electronics Engineering | 30 |
| 2 | Sree Narayana Polytechnic College, Kottiyam. | Aided | Civil Engineering | 30 |
| 3 | Government Polytechnic College, Pala | Government | Electrical & Electronics Engineering | 30 |
| | | | Electronics Engineering | 30 |
| 4 | Government Polytechnic College, Palakkad. | Government | Civil Engineering | 30 |
| | | | Mechanical Engineering | 30 |
| 5 | Government Polytechnic College, Perintalmanna | Government | Civil Engineering | 30 |
| | | | Mechanical Engineering | 30 |
| | | | Electrical & Electronics Engineering | 30 |
| 6 | Rajadhani Institute of Engineering & Technology, Negaroor | Private Self Financing | Computer Engineering | 30 |
| | | | Electrical & Electronics Engineering | 30 |
| | | | Mechanical Engineering | 30 |
| 7 | Gregorian Institute Of Technology, Kangazha | Private Self Financing | Civil Engineering | 30 |
| | | | Automobile Engineering | 30 |
| | | | Electrical & Electronics Engineering | 60 |
| 8 | Kuttukaran Polytechnic College, Manakkappady | Private Self Financing | Mechanical Engineering | 30 |
| | | | Automobile Engineering | 30 |
| 9 | St. Mary's Polytechnic College, Wadakkanchery | Private Self Financing | Electrical & Electronics Engineering | 15 |
| 10 | Malabar Polytechnic Campus, Cherupulassery | Private Self Financing | Electrical & Electronics Engineering | 30 |
| 11 | JDT Islam Polytechnic College, Kozhikode | Private Self Financing | Civil Engineering | 30 |
| | | | Electrical & Electronics Engineering | 30 |